ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# അല്ലാഹുവിന്റെ സുന്ദര നാമങ്ങൾ

عن أبي هريرة رضي الله عنه أن النبي صلى الله عليه وسلم قال: إِنَّ لِله تِسْعَةً وَتِسْعِينَ اِسْماً مائةً إلاَّ وَاحِداً مَنْ أَحْصَاهَا دَخَلَ الجَنَّةَ (متفق عليه)

**അബൂഹുറൈറ (റ) യിൽനിന്ന്. നബി (സ) പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന് 99 നാമങ്ങളുണ്ട്. നൂറിന് ഒന്ന് കുറവ്. ആരെങ്കിലും അവയുടെ ആശയം മനസ്സിലാക്കി ജീവിതത്തിൽ പകർത്തിയാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു' (ബുഖാരി,മുസ്‌ലിം).**

അല്ലാഹുവിന്റെ നാമങ്ങളുടെ മഹത്വത്തിലേക്കാണ് ഈ ഹദീസ് സൂചന നൽകുന്നത്. ഹദീസിലെ أَحْصَاهَا എന്ന പ്രയോഗത്തിന്, 'അല്ലാഹുവിന്റെ നാമങ്ങളുടെ ആശയങ്ങൾ നന്നായി മനസ്സിലാക്കി അവയുടെ പൊരുളുകളെ കുറിച്ച് ചിന്തിക്കുകയും അവ ആവശ്യപ്പെടുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക' എന്നാണ് വിശദീകരണം. അത്തരം ആളുകൾക്ക് അല്ലാഹുവിന്റെ റസൂൽ സ്വർഗം ഉറപ്പ് നൽകുന്നു. ഇമാം തിർമിദി ഇതേ ഹദീസിന്റെ അവസാനത്തിൽ 99 നാമങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

പക്ഷെ, പിന്നീട് അദ്ദേഹം തന്നെ ഇപ്രകാരം പറയുന്നു: 'ഇത് ഗരീബായ (ഒരു പരമ്പരയിലൂടെ മാത്രം വന്ന) ഹദീസാണ്. അബൂഹുറൈറയിൽ നിന്ന് തന്നെ മറ്റൊരു രീതിയിലും ഇതേ ഹദീസുണ്ട്. അധിക നിവേദനങ്ങളിലും അല്ലാഹുവിന്റെ പേരുകൾ പറഞ്ഞിട്ടില്ല. ഈ ഒരു ഹദീസിൽ മാത്രമേ അല്ലാഹുവിന്റെ പേരുകൾ വിവരിക്കുന്നുള്ളൂ.' (തഫ്സീറു ഇബ്നു കസീർ)

അതിനാൽ ഖുർആനിന്റെയോ പ്രബല ഹദീസുകളുടെയോ പിൻബലമില്ലാത്ത പ്രസ്തുത ഹദീസിലെ 99 നാമങ്ങൾ മുഴുവനും സ്വീകാര്യമല്ലെന്ന് ഒരു വിഭാഗം പണ്ഡിതർ പറയുന്നു.

എന്നാൽ മുകളിലുദ്ധരിച്ച പ്രബല ഹദീസിൽ സൂചിപ്പിച്ച 99 നാമങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്താനായി പണ്ഡിതന്മാർ ഗവേഷണം നടത്തിയിട്ടുണ്ട്. ഹാഫിദ് ഇബ്നു ഹജർ *ഫത്ഹുൽ ബാരി*യിലും, ശൈഖ് മുഹമ്മദ് ബ്നു ഉസയ്മീൻ القواعد المثلى-യിലും, അബ്ദുൽ മുഹ്സിൻ قطف الجني الداني-യിലും ഇപ്രകാരം 99 നാമങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

ശൈഖ് മുഹമ്മദ് ബ്നു സ്വാലിഹ് അൽ ഉസയ്മീൻ വിശുദ്ധ ഖുർആനിൽ നിന്ന് 81 നാമങ്ങളാണ് കണ്ടെത്തിയത്. അവ ഇവയാണ്:

الله الأحد الأعلى الأكرم الإله الأول والآخر والظاهر الباطن البارئ البر البصير التواب الجبار الحافظ الحسيب الحفيظ الحفي الحق المبين الحكيم الحليم الحميد الحي القيوم الخبير الخالق الخلاق الرءوف الرحمن الرحيم الرزاق الرقيب السلام السميع الشاكر الشكور الشهيد الصمد العالم العزيز العظيم العفو العليم العلي الغفار الغفور الغني الفتاح القادر القاهر القدوس القدير القريب القوي القهار الكبير الكريم اللطيف المؤمن المتعالي المتكبر المتين المجيب المجيد المحيط المصور المقتدر المقيت الملك المليك المولى المهيمن النصير الواحد الوارث الواسع الودود الوكيل الولي الوهاب

18 നാമങ്ങൾ ഹദീസിൽ മാത്രം വന്നതായി അദ്ദേഹം എഴുതുന്നു. അവ ഇവയാണ്:

الجميل الجواد الحكم الحيي الرب الرفيق السبوح السيد الشافي الطيب القابض الباسط المقدم المؤخر المحسن المعطي المنان الوتر.

ഖുർആനിലോ സ്വഹീഹായ ഹദീസുകളിലോ ഇല്ലാത്ത ഇമാം തിർമിദി ഉദ്ധരിച്ച ഹദീസിലുള്ള നാമങ്ങൾ ഇവയാണ്:

الخافِضُ المعزُّ المذِل العَدْلُ الجَلِيلُ البَاعِثُ المُحْصِي المُبْدِيءُ المُعِيدُ المُمِيتُ الوَاجِدُ المَاجِدُ الوَالِي المُقْسِط المُغْنِي المَانِعُ الضَّارُّ النَّافِعُ البَاقِي الرَّشِيدُ الصَّبُور.

അല്ലാഹുവിന്റെ നാമങ്ങൾ അല്ലാഹുവോ അവന്റെ റസൂലോ നേരിട്ട് പറഞ്ഞ് തരേണ്ട (توقيفيّة) കാര്യങ്ങളിൽ പെട്ടതാണ്. അതിനാൽ ഖുർആനിലോ സുന്നത്തിലോ വന്നിട്ടില്ലാത്ത നാമങ്ങളുടെ കൂടെ അബ്ദു (عبد) ചേർത്ത് പേരിടുന്നത് അനഭിലഷണീയമാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.

നബി(സ)യുടെ ഒരു പ്രാർഥനയിൽ ഇപ്രകാരം കാണാം: 'അല്ലാഹുവേ, നീ സ്വയം തിരഞ്ഞെടുത്ത നിന്റെ എല്ലാ നാമങ്ങൾ കൊണ്ടും ഞാൻ ചോദിക്കുന്നു. അല്ലെങ്കിൽ, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ച നിന്റെ നാമം കൊണ്ട്. അല്ലെങ്കിൽ നിന്റെ ഗ്രന്ഥത്തിലുള്ള നിന്റെ

അല്ലാഹുവിന് 99 നാമങ്ങൾ മാത്രമല്ല, അതിലധിക മുണ്ടെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം. ഈ ഹദീസ് പ്രകാരം, അല്ലാഹുവിന് മൂന്ന് തരം നാമങ്ങളുണ്ട്. ഒന്ന്: അല്ലാഹു സ്വയം പേരിട്ട് ചിലയാളുകൾക്ക് മാത്രം അറിയിച്ച് കൊടുത്ത നാമങ്ങൾ. രണ്ട്: തന്റെ എല്ലാ ദാസന്മാർക്കും വേദ ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തിയ നാമങ്ങൾ. മൂന്ന്: തന്റെ സൃഷ്ടികളിൽ ഒരാൾക്കും അറിയിച്ച് കൊടുക്കാത്ത അല്ലാഹുവിന് മാത്രം അറിയുന്ന നാമങ്ങൾ.

നാമം കൊണ്ട്. അതുമല്ലെങ്കിൽ നിന്റെയടുക്കലുള്ള അദൃശ്യ വിജ്ഞാനത്തിൽ നീ തെരഞ്ഞെടുത്ത നിന്റെ നാമങ്ങൾ കൊണ്ട്' (അഹ്മദ്).

അല്ലാഹുവിന് 99 നാമങ്ങൾ മാത്രമല്ല, അതിലധികമുണ്ടെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം. ഈ ഹദീസ് പ്രകാരം, അല്ലാഹുവിന് മൂന്ന് തരം നാമങ്ങളുണ്ട്. ഒന്ന്: അല്ലാഹു സ്വയം പേരിട്ട് ചിലയാളുകൾക്ക് മാത്രം അറിയിച്ച് കൊടുത്ത  നാമങ്ങൾ. രണ്ട്: തന്റെ എല്ലാ ദാസന്മാർക്കും വേദ ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തിയ നാമങ്ങൾ. മൂന്ന്: തന്റെ സൃഷ്ടികളിൽ ഒരാൾക്കും അറിയിച്ച് കൊടുക്കാത്ത അല്ലാഹുവിന് മാത്രം അറിയുന്ന നാമങ്ങൾ. അപ്പോൾ അല്ലാഹുവിന് 99 നാമങ്ങളുണ്ട് എന്ന ഹദീസിന്റെ ആശയം അല്ലാഹുവിന് ധാരാളം നാമങ്ങളുണ്ട് എന്നാണെന്ന് ഈ വീക്ഷണമുള്ളവർ അഭിപ്രായപ്പെടുന്നു.

അല്ലാഹുവിന്റെ നാമങ്ങൾ വിളിച്ച് പ്രാർത്ഥിക്കണമെന്ന് വിശുദ്ധ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നുണ്ട് (7:180).

ഇതിന് ധാരാളം മാതൃകകൾ വിശുദ്ധ ഖുർആനിൽ തന്നെ കാണാനാവും. ആദ്യ അധ്യായമായ *അൽഫാതിഹ*യിൽ ഹിദായത്തിലാക്കാനുള്ള പ്രാർത്ഥന നടത്തുന്നത് അല്ലാഹുവിന്റെ അഞ്ച് നാമങ്ങൾ ഉരുവിട്ട് കൊണ്ടാണ്. അവസാന അധ്യായമായ *അന്നാസിൽ* ശൈത്വാന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷ നേടാനായി അല്ലാഹുവിന്റെ മൂന്ന് നാമങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നു. നമസ്കാരത്തിലുടനീളവും അല്ലാഹുവിന്റെ നാമങ്ങൾ ഉരുവിടുന്നുണ്ടല്ലോ.

ഹദീസുകളിലും അല്ലാഹുവിന്റെ നാമങ്ങൾ ഉരുവിട്ട് കൊണ്ടുള്ള ധാരാളം പ്രാർത്ഥനകൾ കാണാം.

സഅ്ദ്ബ്നു അബീ വഖാസ് (റ) പറഞ്ഞു: 'ഒരു ഗ്രാമീണൻ നബി(സ)യുടെ അടുക്കൽ വന്ന് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, എനിക്ക് ചൊല്ലാനായി എന്തെങ്കിലും വാക്കുകൾ പറഞ്ഞ് തരിക. തിരുദൂതർ പറഞ്ഞു: നീ ഇപ്രകാരം പറയുക:

لا إلهَ إلَّا اللهُ وحدَه لا شريكَ له اللهُ أكبَرُ كبيرًا والحمدُ للهِ كثيرًا وسُبحانَ اللهِ ربِّ العالَمينَ ولا حولَ ولا قوَّةَ إلَّا باللهِ العلِيِّ العظيمِ العزيزِ الحكيمِ.

അല്ലാഹുവിന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കരുതെന്നും വിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നു:

'അല്ലാഹുവിന് അത്യുൽകൃഷ്ടമായ അനേകം നാമങ്ങളുണ്ട്. ആ നാമങ്ങളിൽ തന്നെ നിങ്ങളവനെ വിളിച്ചു പ്രാർഥിക്കുക. അവന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ അവഗണിക്കുക. സംശയം വേണ്ട. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലം അവർക്ക് കിട്ടുക തന്നെ ചെയ്യും' (7:180).

ഇബ്നു കസീർ (റ) ഈ വാക്യത്തെ വിശദീകരിച്ച് എഴുതി:

'അല്ലാഹുവിന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുക എന്നാൽ അവന്റെ നാമങ്ങൾ മറ്റുള്ളവർക്കിട്ട് അവരോട് പ്രാർത്ഥിക്കുക എന്നാണ്. അറബികൾ 'അല്ലാഹു' എന്ന നാമത്തെ " اللات " എന്നും العزيز -നെ " العزى " എന്നുമാക്കി അവരുടെ ബിംബങ്ങൾക്ക് പേരിട്ടിരുന്നു.'

അല്ലാഹുവിന് മഹത്തായ (اسْمُ اللَّهِ الأَعظَمُ) ഒരു നാമമുണ്ടെന്നും അത് വിളിച്ച് അല്ലാഹുവിനോട് ചോദിച്ചാൽ ഉറപ്പായും ഉത്തരം നൽകപ്പെടുമെന്നും ഹദീസിൽ കാണാം.

അനസ് ബ്നു മാലിക് (റ) പറയുന്നു. നബി(സ) ഒരാൾ ഇപ്രകാരം പ്രാർത്ഥിക്കുന്നത് കേട്ടു:

اللهم إني أسألك بأن لك الحمد لا إله إلا أنت وحدك لا شريك لك المنان يا بديع السموات والأرض، يا ذا الجلال والإكرام، يا حي يا قيوم إني أسألك الجنة وأعوذ بك من النار

(അല്ലാഹുവേ, നിന്നോടാണ് ഞാൻ ചോദിക്കുന്നത്. നിനക്കാണ് സ്തുതി. നീയല്ലാതെ ഇലാഹില്ല. നീ ഒരുവനാണ്. നിനക്ക് പങ്കുകാരില്ല. നീ മന്നാൻ ആണ്. ആകാശ ഭൂമികളെ സുന്ദരമായി സൃഷ്ടിച്ചവനേ, ആദരവും മാന്യതയുമുള്ളവനേ, എന്നെന്നും ജീവിച്ചിരിക്കുന്നവനേ, എല്ലാം നിയന്ത്രിക്കുന്നവനേ, നിന്നോട് ഞാൻ സ്വർഗം ചോദിക്കുന്നു; നരകത്തിൽ നിന്ന് കാവൽ തേടുന്നു.) ഇത് കേട്ടപ്പോൾ നബി (സ) പറഞ്ഞു: 'അല്ലാഹുവിന്റെ മഹത്തായ നാമം കൊണ്ടാണ് അദ്ദേഹം ചോദിച്ചിരിക്കുന്നത്. അത് കൊണ്ട് ചോദിച്ചാൽ അവൻ നൽകും. പ്രാർത്ഥിച്ചാൽ ഉത്തരം നൽകും' (അബൂദാവൂദ്, തിർമിദി). ●

We are hiring
MANAGER
WIC GROUP OF INSTITUTIONS
പ്രവർത്തകർ മാത്രം അപേക്ഷിക്കുക
icwandoor@gmail.com
Contact: 9995037233
വനിതാ ഇസ്‌ലാമിയ കോളേജ്, വണ്ടൂർ
WIC ESTD 1979